| QP Code: D 122641 | Total Pages: 2 | Name: |
|---|---|---|
| | | Register No. |

**SECOND SEMESTER (CUFYUGP) DEGREE EXAMINATION, APRIL 2025**

**MALAYALAM**

**MAL2CJ101 മലയാള കഥാപരിചയം**

**(Introduction to Malayalam Short Stories )**

**2024 Admission onwards**

| Maximum Time :2 Hours | Maximum Marks :70 |
|---|---|

## Section A

**All Questions can be answered. Each Question carries 3 marks (Ceiling : 24 Marks)**

| | |
|---|---|
| 1 | ചെറുകഥ എന്ന സാഹിത്യരൂപത്തെ നിർവ്വചിക്കുക. |
| 2 | മൂർക്കോത്ത് കുമാരന് മലയാള ചെറുകഥാ ചരിത്രത്തിലുള്ള പ്രസക്തി ചർച്ച ചെയ്യുക. |
| 3 | ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം മലയാളചെറുകഥയുടെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ടോ? പരിശോധിക്കുക. |
| 4 | നവോത്ഥാനകഥകളെ ആഴത്തിൽ സ്വാധീനിച്ച മൂന്ന് ആശയസംഹിതകളെ പരിചയപ്പെടുത്തുക. |
| 5 | തൊഴിലിടത്തിലെ സംഘർഷങ്ങൾ മലയാള ചെറുകഥയിലേക്ക് കടന്നുവന്നതിന്റെ ആദ്യചുവടുവെപ്പുകൾ 'പൊതിച്ചോറ്' എന്ന കഥയിൽ കാണാൻ സാധിക്കുന്നുണ്ടോ? വിശകലനം ചെയ്യുക. |
| 6 | 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിലെ ദളിത്ജീവിത സൂചകങ്ങൾ സവിശേഷമായ വായനകൾക്ക് സാധ്യത ഒരുക്കുന്നുണ്ട്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. |
| 7 | മാധവിക്കുട്ടിയുടെ 'കീറിപ്പറിഞ്ഞ ചകലാസ്' എന്ന കഥയുടെ ഭാവതലം അടയാളപ്പെടുത്തുക. |
| 8 | എം മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കൃതി മുന്നോട്ടു വെക്കുന്ന മൂന്ന് ആധുനികദർശനങ്ങളെ പട്ടികപ്പെടുത്തുക. |
| 9 | വ്യക്തിദുഃഖങ്ങളുടെ ആവിഷ്കാരം ടി. പത്മനാഭന്റെ കഥകൾക്ക് ഭാവഗരിമയേറ്റുന്നുണ്ട്. 'തിന്നുവാൻ പറ്റാത്ത ബിസ്കറ്റി' നെ മുൻനിർത്തി സ്വാഭിപ്രായം വ്യക്തമാക്കുക. |
| 10 | ഉത്തരാധുനിക മലയാളകഥയുടെ സവിശേഷതകളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന കഥയാണ് സാറാ ജോസഫിന്റെ 'പാപത്തറ' . വിശകലനം ചെയ്യുക. |

## Section B

**All Questions can be answered. Each Question carries 6 marks (Ceiling : 36 Marks)**

| | |
|---|---|
| 11 | ആദ്യകാല മലയാള ചെറുകഥയും നവോത്ഥാനകാല കഥയും തമ്മിലുള്ള ഭാവുകത്വപരമായ വ്യതിയാനങ്ങൾ പട്ടികപ്പെടുത്തുക. |
| 12 | മലയാള ചെറുകഥയുടെ ആധുനികഘട്ടത്തിൽ കാല്പനികതയും ആധുനികതാവാദവും സമരസപ്പെട്ടു പോകുന്നുണ്ടോ? വിശകലനാത്മകമായി വിലയിരുത്തുക. |
| 13 | അരികുജീവിതങ്ങളിലേക്കുള്ള ആഴമേറിയ നോട്ടം ബഷീറിൻ്റെ രചനാലോകത്തു സാധാരണമാണ്. ഉദാഹരണസഹിതം വിശദമാക്കുക. |
| 14 | മലയാള ചെറുകഥയിലെ റിയലിസത്തിന്റെ കാലത്ത് 'വിശപ്പ്' ഒരു പ്രധാന പ്രമേയമായിരുന്നു. പരിചിതമായ കഥകളെ ഉദാഹരിച്ച് പ്രസ്താവന പരിശോധിക്കുക. |

| | |
|---|---|
| 15 | ഉത്തരാധുനിക കാലത്തെ മലയാള ചെറുകഥയുടെ ഭാവതലം ഭാഷ, പ്രമേയം, അവതരണരീതി എന്നീ തലങ്ങളിലെല്ലാം സവിശേഷമാണ്. പരിചിതമായ കൃതികളെ ഉദാഹരിച്ച് സമർത്ഥിക്കുക |
| 16 | ചെറുകഥയുടെ നവോത്ഥാനത്തിന് കാരണമായ സാമൂഹികപശ്ചാത്തലം ചൂണ്ടികാട്ടുക. |
| 17 | മലയാള ചെറുകഥയുടെ ഉല്പത്തിക്കു നിദാനമായ സാമൂഹികപരിണാമങ്ങൾ വിശദീകരിക്കുക. |
| 18 | ഉത്തരാധുനിക മലയാള ചെറുകഥയിൽ ട്രാൻജെൻഡർ ഇടപെടലുകൾ ശക്തമാണോ ? ഭാഷ, പ്രമേയം, അവതരണം എന്നിവയെ മുൻനിർത്തി പരിശോധിക്കുക. |
| **Section C** | |
| **Answer any ONE .Each Question carries 10 marks (1x10=10 Marks)** | |
| 19 | പാപത്തറ, ചരിത്രം, രാമച്ചി, കുളെ എന്നീ ചെറുകഥകളെ ആസ്പദമാക്കി ഉത്തരാധുനിക ചെറുകഥകളുടെ പ്രമേയം, ആഖ്യാനം, ഭാവുകത്വ സവിശേഷതകൾ എന്നിവ വിശകലനം ചെയ്യുക. |
| 20 | മലയാള ചെറുകഥയുടെ ഭാവുകത്വപരമായ പരിണാമങ്ങൾ കാലാനുസൃതമായി അടയാളപ്പെടുത്തുക. |